## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1732 — 04.10.2016-ൽ മറുപടിയ്ക്ക്

### വല്ലപ്പുഴ 110 കെ.വി. സബ് സ്റ്റേഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മുഹമ്മദ് മുഹസിൻ പി.: | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടാമ്പി മണ്ഡലത്തിലെ വല്ലപ്പുഴ 110 കെ.വി. സബ് സ്റ്റേഷന്റെ പ്രവർത്തനങ്ങൾ എവിടം വരെ യായെന്നും നിലവിലെന്തെങ്കിലും തടസ്സങ്ങളുണ്ടെങ്കിൽ എന്താണെന്നും വിശദമാക്കാമോ; | (എ) | പട്ടാമ്പി മണ്ഡലത്തിൽ, 110 കെ.വി വല്ലപ്പുഴ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങുന്നതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചു വരുന്നു. നിലവിൽ തടസ്സങ്ങളൊന്നുമില്ല. |
| (ബി) | ഈ മണ്ഡലത്തിൽ ഉൾ പ്പെടുന്ന വിളയൂരിൽ ഒരു കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് തുടങ്ങാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | (ബി) | വിളയൂരിൽ ഒരു സെക്ഷൻ ഓഫീസ് അനുവദിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി ക്ക് സ്വന്തം നിലയിൽ കെട്ടിടം പണിയാൻ അനുയോജ്യമായ 10 സെന്റ് സ്ഥലം സൗജന്യമായോ ഓഫീസ് പ്രവർത്തിക്കാനുതകുന്ന കെട്ടിടം വാടക രഹിതമായോ ലഭിക്കുന്ന മുറയ്ക്ക് സെക്ഷൻ ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (സി) | ഈ മണ്ഡലത്തിൽ പുതുതായി കെ.എസ്.ഇ.ബി. കളക്ഷൻ സെൻറർ തുടങ്ങാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | പുതുതായി കളക്ഷൻ സെന്റർ തുടങ്ങുന്നത് പരിഗണനയിൽ ഇല്ല. |

Kemalatha

സെക്ഷൻ ഓഫീസർ